**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 779** **17-09-2025 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സൗരോർജ്ജ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | പ്രധാന മന്ത്രി സൂര്യ ഘർ മുഫ്ത് ബിജ്‌ലി യോജന, പി. എം. കുസും ഘടകം സി, വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ എന്നീ പദ്ധതികളാണ് ഇപ്പോൾ കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന സൗരോർജ്ജ പദ്ധതികൾ.<br><br>പൊതു ജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:<br><br>സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.<br><br>ഗാർഹിക സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു.<br><br>സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.<br><br>സോളാർ സ്ട്രീറ്റ് ലൈറ്റുകൾ ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു. |

പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ്/ ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കുന്നു.

വിദൂര ആദിവാസി കോളനികളിൽ സോളാർ പവർ പ്ലാന്റുകൾ/വിൻഡ് /സോളാർ ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.

സംസ്ഥാനം നടപ്പിലാക്കി വരുന്ന സൗരോർജ്ജ പദ്ധതികളിൽ ഇ-മൊബിലിറ്റി പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതാണ് പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനിൽ On Grid സോളാർ സ്ഥാപിക്കുന്നത്. സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ, മാളുകൾ, ആശുപത്രികൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഡി. സി. ഫാസ്റ്റ് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സൗരോർജ്ജ സംവിധാനം ഒരുക്കിയാൽ സബ്സിഡി നൽകുന്ന പദ്ധതിയാണിത്.

പ്രധാന മന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി. എം. കുസും) രാജ്യത്തെ കർഷകർക്കു സൗരോർജ്ജവുമായി ബന്ധപ്പെട്ട സഹായം നൽകുന്ന കേന്ദ്ര പദ്ധതിയാണ്. പദ്ധതിയിലൂടെ കർഷകർക്ക് സൗരോർജ്ജ ഉൽപാദനവും, അധിക വൈദ്യുത ഊർജ്ജം വിതരണ കമ്പനിക്ക് വിൽക്കുന്നതിലൂടെ ഒരു വരുമാനവും ലക്ഷ്യമിടുന്നു. വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. ഇതിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര ബെഞ്ച് മാർക്ക് തുകയുടെ അടിസ്ഥാനത്തിൽ 30% കേന്ദ്ര സബ്സിഡിയും, 30% സംസ്ഥാന സബ്സിഡിയും, ബാക്കി വരുന്ന 40% കർഷകന്റെ (ഉപഭോക്തൃ) വിഹിതമായാണ് ഈ പദ്ധതിയുടെ ഘടന.

ആദ്യഘട്ട കേന്ദ്ര അനുമതി ലഭിച്ച 9,348 പമ്പുകളുടെ സൗരോർജ്ജവൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഇത്രയും പമ്പുകൾക്കുള്ള സംസ്ഥാന വിഹിതവും കർഷക വിഹിതവും നബാർഡ് RIDF ലോൺ വഴിയാണ് കണ്ടെത്തുന്നത്. നിലവിൽ 4,100 എണ്ണം പമ്പുകളുടെ സൗരോർജ്ജവൽക്കരണത്തിനുള്ള വർക്ക് ഓർഡർ

| | | | |
|---|---|---|---|
| | | | നൽകി കഴിഞ്ഞു. ഇതിൽ 2,200 എണ്ണത്തിന്റെ സൗരോർജ്ജവൽക്കരണം പൂർത്തിയായി. ഇതിൽ 1,150 എണ്ണം സൗരോർജ്ജ നിലയങ്ങൾ വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലൂടെയാണ് 4,133 kW അധിക സൗരോർജ്ജ ശേഷി നേടുവാനായിരിക്കുന്നത്.<br><br>കൃഷിഭവനുകളിൽ നിന്നും സൗജന്യ കാർഷിക കണക്ഷൻ ലഭിച്ചിട്ടുള്ള കർഷകരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇത് കർഷകർക്ക് യാതൊരുവിധ സാമ്പത്തിക ബാധ്യതയുമില്ലാതെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ വീടുകളിലും സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | പുരപ്പുറ സൗരോർജ്ജ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ഗാർഹിക ഉപഭോക്താക്കൾക്ക് 3 kW വരെ പരമാവധി 78,000/- രൂപ സബ്സിഡി അനുവദിക്കുന്നു. സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ച ആവശ്യത്തിന് ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് യൂണിറ്റിന് 3.26 രൂപ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്തു തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാനും കഴിയുന്നു. പുരപ്പുറ സൗരോർജ്ജ പദ്ധതിയെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കാൻ വിവിധ പ്രചാരണ പരിപാടികളും സ്പോട്ട് രജിസ്ട്രേഷൻ ക്യാമ്പുകളും നടത്തി വരുന്നു. കൂടാതെ ഇക്കഴിഞ്ഞ സ്വാതന്ത്ര്യ ദിനാചരണത്തോടനുബന്ധിച്ച പ്രത്യേകമായി വിളിച്ചുകൂട്ടിയ ഗ്രാമസഭകളിൽ പി. എം. സൂര്യ ഘർ പദ്ധതിയെ കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവത്കരണ പ്രവർത്തനങ്ങളും നടത്തുക ഉണ്ടായി.<br><br>ഒരു ലക്ഷം ലൈഫ് മിഷൻ/ബി. പി. എൽ. വീടുകളിൽ സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ് . |
| (സി) | നിലവിൽ പുരപ്പുറ സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് അവർ ഉത്പാദിപ്പിക്കുന്ന സൗരോർജ്ജത്തിന് യൂണിറ്റിന് മതിയായ തുക നൽകി സംസ്ഥാന | (സി) | അത്തരം പരാതി വാസ്തവമല്ല. നിലവിൽ, നെറ്റ് മീറ്ററിംഗ് ബില്ലിംഗ് പ്രകാരമാണ് കേരളത്തിൽ പ്രോസ്യൂമേഴ്സിന് (Prosumers) ബില്ല് ചെയ്യുന്നത്. പകൽസമയത്ത് അധികമായി ഉത്പാദിപ്പിക്കുന്ന |

| | | | |
|---|---|---|---|
| | വൈദ്യുതി വകുപ്പ് സ്വീകരിക്കുന്നില്ലയെന്നുള്ള പരാതികൾ സംബന്ധിച്ച് എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | | വൈദ്യുതി, രാത്രി സമയത്ത് സൗജന്യമായി എടുക്കാനുള്ള അവസരവും മിച്ച വൈദ്യുതിക്ക് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള ആവറേജ് പവർ പർച്ചേസ് കോസ്റ്റും ആണ് നൽകുന്നത്. നിലവിൽ റെഗുലേറ്ററി കമ്മീഷൻ അനുവദിച്ച തുക യൂണിറ്റിന് 3.26 രൂപയാണ്.<br><br>പകൽ സമയത്ത് വൈദ്യുതി കമ്പോളത്തിൽ പലപ്പോഴും വില യൂണിറ്റിന് ഒരു രൂപയ്ക്ക് താഴെ വരുന്ന സാഹചര്യത്തിൽ, കമ്മീഷൻ നിശ്ചയിച്ച നിരക്ക് വളരെ കൂടുതലാണ്.<br><br>യഥാർത്ഥത്തിൽ കെ. എസ്. ഇ. ബി. എൽ. - ന് ഉണ്ടാകുന്ന ഇത്തരം സാമ്പത്തിക ബാധ്യതകൾ സോളാർ ഇതര ഉപഭോക്താക്കൾക്ക്, താരിഫ് നിരക്ക് വർദ്ധനവിന് കാരണമാകും. |
| (ഡി) | സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വൈദ്യുതി ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് നൽകിവരുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സബ്സിഡി ഉൾപ്പെടെയുള്ള പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | സൗരോർജ്ജ പദ്ധതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവർമെന്റിന്റെ നവ പുനരുപയോഗ മന്ത്രാലയത്തിൽ നിന്നും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് 1 kW നു 30,000/- രൂപ, 2 kW നു 60,000/-, 3 kW നു 78,000/- രൂപ എന്ന നിരക്കിൽ സബ്സിഡി അനുവദിക്കുന്നു. സംസ്ഥാന ഗവൺമെന്റിന്റെ സോളാർ പോളിസിയ്ക്കു അനുസൃതമായി, സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ച ആവശ്യത്തിനു ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതിക്ക് യൂണിറ്റിന് 3.26 രൂപ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിംഗ് സംവിധാനം ഉപയോഗിച്ച് സൗരോർജ്ജ പ്ലാന്റിൽ നിന്നും ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, രാത്രി കാലങ്ങളിൽ വൈദ്യുതിക്ക് വില കൂടിയ സമയത്തു തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാനും കഴിയുന്നു.<br><br>സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കി വൈദ്യുതി ഉൽപാദിപ്പിക്കുന്ന സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് നൽകിവരുന്ന പ്രധാനപ്പെട്ട സബ്സിഡി, പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥാപിക്കുന്ന സോളാർ പാനലുകൾക്കായുള്ള സാമ്പത്തിക സഹായമാണ്. പബ്ലിക് ചാർജ്ജിംഗ് സ്റ്റേഷനിൽ സ്ഥാപിക്കുന്ന സൗരോർജ്ജ സംവിധാനത്തിന്, 5 kW ന് 1 ലക്ഷം രൂപ എന്ന നിരക്കിൽ, 50 kW സൗരോർജ സംവിധാനത്തിന് |

| | | | |
|---|---|---|---|
| | | | പരമാവധി 10 ലക്ഷം രൂപ വരെ സംസ്ഥാന സർക്കാർ സബ്സിഡി നൽകിവരുന്നു.<br><br>നിലവിൽ പി. എം. സൂര്യഘർ പദ്ധതിയിൽ ഗാർഹിക മേഖലയിൽ 2kw ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 60,000/- രൂപയും, 3 kw മുതൽ ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 78,000/- രൂപയുമാണ് കേന്ദ്ര സർക്കാർ സബ്സിഡി ലഭിക്കുന്നത്.<br><br>പ്രധാന മന്ത്രി കിസാൻ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (പി. എം. കുസും) രാജ്യത്തെ കർഷകർക്കു സൗരോർജ്ജവുമായി ബന്ധപ്പെട്ട് സഹായം നൽകുന്ന കേന്ദ്ര പദ്ധതിയാണ്. വൈദ്യുത കണക്ഷൻ ഉള്ള കൃഷിയിടങ്ങളിലെ വൈദ്യുതിയിൽ പ്രവർത്തിക്കുന്ന 1 hp മുതൽ 7.5 hp വരെയുള്ള പമ്പുകൾ സൗരോർജ്ജവൽക്കരിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് പ്രസ്തുത പദ്ധതി. പദ്ധതിയിലൂടെ കർഷകർക്ക് സൗരോർജ്ജ ഉൽപാദനവും, അധിക ഊർജം വിതരണ കമ്പനിക്ക് വിൽക്കുന്നതിലൂടെ ഒരു വരുമാനവും ലക്ഷ്യമിടുന്നു. ഇതിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾക്ക് കേന്ദ്ര ബെഞ്ച് മാർക്ക് തുകയുടെ അടിസ്ഥാനത്തിൽ 30% കേന്ദ്ര സബ്സിഡിയും, 30% സംസ്ഥാന സബ്സിഡിയും, ബാക്കി വരുന്ന 40% കർഷകന്റെ (ഉപഭോക്തൃ) വിഹിതമായാണ് ഈ പദ്ധതിയുടെ ഘടന. |
| (ഇ) | സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് ആവശ്യമായ സൗരോർജ്ജ ചാർജിങ് സ്റ്റേഷനുകൾ സർക്കാർ മേഖലയിൽ അനർട്ടിന്റെ കീഴിൽ എവിടെയൊക്കെ സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ഇ) | സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിനാവശ്യമായ സൗരോർജ്ജ ചാർജ്ജിംഗ് സ്റ്റേഷനുകൾ അനെർട്ട് സ്ഥാപിച്ചിരിക്കുന്നത് താഴെപ്പറയുന്ന സ്ഥലങ്ങളിലാണ്.<br><br>1. ANERT Headquarters, Thiruvananthapuram.<br><br>2. CUSAT Metro Station, Ernakulam.<br><br>3. Muttom Metro Station, Ernakulam.<br><br>4. Kerala Start Up Mission Kalamassery, Ernakulam.<br><br>5. Kanippayyur Old Market Road, Kunnamkulam, Thrissur.<br><br>6. Metal Industries, Shornur, Palakkad.<br><br>7. BRDC, Bekal Fort, Kasargod. |

| | | | |
|---|---|---|---|
| (എഫ്) | സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഉപയോഗിക്കുന്ന മുഴുവൻ വാഹനങ്ങളും ഇലക്ട്രിക് വാഹനങ്ങളായി പരിവർത്തനം ചെയ്യുന്നതിനും വാഹനങ്ങൾക്ക് ചാർജ് ചെയ്യുന്നതിനുള്ള വൈദ്യുതി സൗരോർജ്ജം വഴി ലഭ്യമാക്കുന്നതിനും എല്ലാ സർക്കാർ ഓഫീസുകളുടെയും മേൽക്കൂരകളിൽ സോളാർപാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ? | (എഫ്) | സംസ്ഥാന സർക്കാർ വകുപ്പുകളിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ ഘട്ടം ഘട്ടമായി ഇലക്ട്രിക് വാഹനങ്ങളായി പരിവർത്തനം ചെയ്യുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ, സർക്കാർ ഓഫീസുകളുടെ ആവശ്യത്തിനായി അനെർട്ട് 5 മുതൽ 8 വർഷം വരെ കാലാവധിയുള്ള ലീസ് വ്യവസ്ഥയിൽ ഇലക്ട്രിക് കാറുകൾ നൽകിവരുന്നു. നിലവിൽ, ഇതുവരെ വിവിധ മോഡലുകളിൽ ഉള്ള 216 ഇലക്ട്രിക് കാറുകൾ ലീസ് വ്യവസ്ഥയിൽ വിവിധ വകുപ്പ് ഓഫീസുകൾക്ക് നൽകപ്പെട്ടിട്ടുണ്ട്. സർക്കാർ ഓഫീസുകളുടെ മേൽക്കൂരകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന പദ്ധതികൾ അനെർട്ട് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ